"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ജെറിൻ ജോൺ ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)40803/2025- നമേലുള്ള 04.11.2025 ലെ വിധിന്യായം-പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.839/2026/LSGD തീയതി,തിരുവനന്തപുരം, 31-03-2026

---

പരാമർശം:-

1. സ.ഉ(പി) നം.250/2022/തസ്വഭവ , തീയതി 10/11/2022.
2. സ.ഉ. (സാധാ) നം.289/2023/തസ്വഭവ, തീയതി 01/02/2023
3. ശ്രീ.ജെറിൻ ജോൺ ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)40803/2025- നമേലുള്ള 04.11.2025 ലെ വിധിന്യായം
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.02.2026 ലെ LSGD/PD/11550/2025-DEF6 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ജെറിൻ ജോൺ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)40803/2025- നമേൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുകയുണ്ടായി.

".... The writ petition is accordingly disposed of directing the 1st respondent to consider Ext.P10 representation and pass appropriate orders thereon after giving an opportunity of hearing to the petitioner and the 3 respondent. Orders in this regard shall be passed within a period of three months."

2. ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനേയും വേങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും 23.01.2026 -ന് 11.30 AM ന് സർക്കാർ നേരിൽ കേൾക്കുകയുണ്ടായി.

നേരിൽ കേട്ട വേളയിൽ, കാസറഗോഡ് ജില്ലയിൽ എൻഡോ സൾഫാൻ ബാധിത പഞ്ചായത്തുകളായ കാറടുക്ക,എൺമകജെ എന്നീ ഗ്രാമപഞ്ചായത്തുകളിൽ NHM വഴി

തെരഞ്ഞെടുത്ത് 10 വർഷം താൽക്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചതായും , പിന്നീട് പരാമർശം (1) ഉത്തരവ് പ്രകാരം വേങ്ങാട് ഗ്രാമപഞ്ചായത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടുവെന്നും കഴിഞ്ഞ 13 വർഷമായി തുടർച്ചയായി ജോലി ചെയ്യുന്നുണ്ടെന്നും ഒരേ തസ്തികയിലെ തുടർച്ചയായ 13 വർഷത്തെ സേവനം കണക്കിലെടുത്ത്, സ്ഥിരപ്പെടുത്തണമെന്നും അപേക്ഷകൻ അഭ്യർത്ഥിക്കുകയുണ്ടായി.

3. മാലിന്യ സംസ്കരണ രംഗത്ത് ഏറെ വെല്ലുവിളികൾ നേരിടുന്നതും നഗരസഭ സ്വഭാവമുള്ളതുമായ വേങ്ങാട് ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം തുടരുന്നത് അനിവാര്യമാണെന്നും, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പരാമർശം (2) ഉത്തരവ് പ്രകാരമുള്ള ചുമതലകൾ നിർവഹിക്കുന്നതും, ഭരണസമിതിയും സെക്രട്ടറിയും ഏൽപ്പിക്കുന്ന മറ്റ് ജോലികളും സംസ്ഥാനത്ത് തന്നെ മാതൃകാപരമായ വിജിലൻസ് സ്ക്വാഡ് പ്രവർത്തനങ്ങളും വളരെ ആത്മാർത്ഥതയോടെയും കൃത്യതയോടെയും പരാതികൾക്കിടയില്ലാത്ത വിധം ചെയ്യാറുള്ളതിനാലും, നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെ ഇത്രയും കാലത്തെ സേവനം കണക്കിലെടുത്താണ് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിൽ സേവനത്തിലുള്ള ശ്രീ.ജെറിൻ ജോണിനെ സ്ഥിരപ്പെടുത്തുന്നതിന് ഭരണസമിതി ഐകകണ്ഠേന തീരുമാനിച്ചിരുന്നതെന്ന് പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു. സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലിക ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിച്ച് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.ജെറിൻ ജോണിനെ വേങ്ങാട് ഗ്രാമപഞ്ചായത്തിൽ നിയമിച്ചിട്ടുള്ളത്. ടിയാൻ കാറഡുക്ക, എൻമകജെ, വേങ്ങാട് എന്നീ പല സ്ഥലങ്ങളിലുള്ള സേവനരംഗത്തെ 10 വർഷത്തെ താൽക്കാലിക സേവനം കണക്കിലെടുത്ത് സർവ്വീസിൽ സ്ഥിരപ്പെടുത്തി നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിൽ ടിയാൻ 2 വർഷവും 10 മാസവുമാണ് സേവനം പൂർത്തികരിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ടിയാനെ സ്ഥിരപ്പെടുത്തണമെന്ന ടിയാന്റെ 15/10/2025-ലെ അപേക്ഷ(എക്സിബിറ്റ് പി10) പരിഗണനാർഹമല്ലെന്ന് പരാമർശം (4) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ NRHM വഴി തെരഞ്ഞെടുത്ത് 10 വർഷം താൽക്കാലിക അടിസ്ഥാനത്തിൽ കാറഡുക്ക, എൻമകജെ എന്നിവിടങ്ങളിൽ ജോലി ചെയ്തതിന് ശേഷം ശ്രീ.ജെറിൻ ജോൺ, തദ്ദേശ സ്വയം ഭരണ വകുപ്പിൽ കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിതനായത് 14.03.2023 -ൽ മാത്രമാണ് എന്നതിനാലും, കരാർ നിയമനം സ്ഥിരപ്പെടുത്തുന്നത് ബഹു.സുപ്രീം കോടതിയുടെ ഉമാദേവി Vs സ്റ്റേറ്റ് ഓഫ് കർണാടക കേസ്സിലെ ഉത്തരവിന് വിരുദ്ധമായതിനാലും കാസറഗോഡ്, കണ്ണൂർ ജില്ലകളിലെ കരാർ അടിസ്ഥാനത്തിലെ 13 വർഷത്തെ സേവനം ഒരുമിച്ച് കണക്കാക്കി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ശ്രീ.ജെറിൻ ജോണിന്റെ എക്സിബിറ്റ് പി10 അപേക്ഷയിലെ ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം (3) പ്രകാരമുള്ള ബഹു.കേരള ഹൈക്കോടതിയുടെ WP(C)40803/2025 -നമ്പരിലുള്ള 04.11.2025 ലെ ഉത്തരവ് ഇപ്രകാരം

നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ.ജെറിൻ ജോൺ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, വേങ്ങാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കണ്ണൂർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, വേങ്ങാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 243/ഇപിഎ2/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 31-03-2026 11:21:58
സെക്ഷൻ ഓഫീസർ